# 40. മീനാക്ഷിപുരം രോഗം

ഇക്കഴിഞ്ഞ ഏതാനും മാസങ്ങളിൽ തമിഴ്നാട്ടിലെ മീനാക്ഷിപുരത്തും വേറെ ചില സ്ഥലങ്ങളിലും ഏതാനും ഹരിജനങ്ങൾ ഇസ്ലാമിൽ ചേർന്നതു് ഇന്ത്യയിലൊട്ടാകെ വിപുലമായ ചർച്ചയ്ക്കു വിഷയമായിട്ടുണ്ടു്. പട്ടികജാതിവർഗക്കാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പാർലമെൻററിക്കമ്മററിയുടെ ഒരു പഠനസംഘം ഇതു സംബന്ധിച്ച ഒരു റിപ്പോർട്ടു് സെപ്തംബർ 18-ാം തീയതി പാർലമെൻറിൽ സമർപ്പിച്ചു. മതപരിവർത്തനത്തെപ്പററി ചൂടേറിയ ഒരു വാദപ്രതിവാദം പാർലമെൻറിൽ നടക്കുകയുമുണ്ടായി. ഈ പ്രശ്നം പരിഗണിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനുംവേണ്ടി ഹിന്ദുമതാചാര്യന്മാർ ബാംഗ്ലൂരിലും മധുരയിലും ഗുരുവായൂരിലും മററും സമ്മേളനങ്ങൾ വിളിച്ചുകൂട്ടി. മതപരിവർത്തനത്തിലേക്കു നയിച്ച സാമൂഹ്യവും സാമ്പത്തികവും മതപരവുമായ കാരണങ്ങളെപ്പററി ധാരാളം പ്രസ്താവങ്ങളുണ്ടായി; ഇപ്പോഴും ഉണ്ടായിക്കൊണ്ടുമിരിക്കുന്നു. അറബിനാടുകളിൽനിന്നുള്ള 'പണത്തിന്റെ പ്രലോഭനമാണു് ഈ പരിവർത്തനങ്ങളുടെ പിന്നിലെന്നു് ഒരു കൂട്ടർ വാദിക്കുമ്പോൾ, സാമൂഹ്യനീതിയെ നിഷേധിക്കുന്ന ക്രൂരമായ ജാതിവ്യവസ്ഥയുടെമേൽ മറെറാരു കൂട്ടർ പഴിചാരുന്നു. മതം മാറിയവരെ ഹിന്ദുമതത്തിലേക്കു തിരിച്ചു കൊണ്ടുവരുന്നതിനുള്ള മാർഗങ്ങളെപ്പററിയും ചർച്ചകൾ നടക്കാതിരിക്കുന്നില്ല. മുമ്പൊരിക്കലും സംഭവിക്കാത്തത്ര അസ്വസ്ഥതയും അമ്പരപ്പും ഈ മതപരിവർത്തനങ്ങൾമൂലം ഹിന്ദുക്കൾക്കിടയിൽ ഉണ്ടായിട്ടുണ്ടെന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല.

മതത്തിന്റെപേരിൽ ഇന്ത്യ വിഭജിക്കപ്പെട്ടു. പാകിസ്ഥാൻ ഒരു ഇസ്ലാമികസ്റ്റേററ് ആയി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. ഇന്ത്യയുടെ മററു ചില അയൽരാജ്യങ്ങളും ചില മതങ്ങൾക്കു് ഔദ്യോഗികാംഗീകാരം നൽകിയിട്ടുണ്ടു്. എന്നാൽ, ഇന്ത്യ തീരുമാനിച്ചതു് ഒരു മതനിരപേക്ഷ രാഷ്ട്രമായി നിലകൊള്ളാനാണു്. മതനിരപേക്ഷത എന്നതിനു് നാം കല്പിച്ച അർത്ഥം, രാഷ്ട്രം മതങ്ങൾക്കു് എതിരോ അവയുടെ കാര്യത്തിൽ ഉദാസീനമോ ആണെന്നല്ല; എല്ലാ മതങ്ങൾക്കും തുല്യമായ പരിഗണന ഇന്ത്യയിൽ ലഭിക്കുമെന്നാണു്. മതപരിവർത്തനത്തിനും മതപ്രചാരണത്തിനുമുള്ള സ്വാതന്ത്ര്യം ഇന്ത്യൻ പൗരനു് ഭരണഘടന നൽകുന്നുണ്ടു്. എത്രയോ ശതാബ്ദങ്ങളായി, സഹസ്രാബ്ദങ്ങളായിത്തന്നെ, ഇന്ത്യയിൽ ഉപയോഗിക്കപ്പെട്ടുവരുന്നതാണു് ഈ സ്വാതന്ത്ര്യം. പാകിസ്ഥാനിലോ സൗദി അറേബ്യയിലോ ഈജിപ്തിലോ ഉള്ളതിൽ കൂടുതൽ മുസ്ലിങ്ങൾ ഇപ്പോൾ ഇന്ത്യയിലുണ്ടു്. ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ എണ്ണവും ചെറുതല്ല. മറുനാടുകളിൽനിന്നു് ഇന്ത്യയിൽ കുടിയേറിപ്പാർത്തവർ ഇന്ത്യൻ മുസ്ലിങ്ങൾക്കും ഇന്ത്യൻ ക്രിസ്ത്യാനികൾക്കുമിടയിൽ വളരെ കുറച്ചു പേർ മാത്രമേ ഉള്ളു. നിർബന്ധത്തിനോ പ്രലോഭനങ്ങൾക്കോ കീഴടങ്ങിയോ, സ്വേച്ഛാപൂർവമോ, മതം മാറിയവരുടെ സന്താനങ്ങളാണു് മിക്കവാറും എല്ലാ ഇന്ത്യൻ മുസ്ലിങ്ങളും ഇന്ത്യൻ ക്രിസ്ത്യാനികളും.

ഒരിക്കൽ മതം മാറിയവരെ തിരിച്ചു ഹിന്ദുമതത്തിലേക്കു കൊണ്ടുവരുന്നതിൽ ഹിന്ദുക്കൾ ഇന്നോളം താല്പര്യം പ്രദർശിപ്പിച്ചിട്ടില്ല. ആര്യസമാജക്കാർ മാത്രമാണു് ഇക്കാര്യത്തിൽ വ്യത്യസ്തമായ ഒരു മാർഗം സ്വീകരിച്ചിട്ടുള്ളതു്. യാഥാസ്ഥിതിക ഹിന്ദുക്കൾ ഏകകണ്ഠമായിത്തന്നെ ഹിന്ദുമതത്തിലേക്കുള്ള പരിവർത്തനത്തെ എതിർത്തുപോന്നിട്ടുണ്ടു്. ഒരു കാല

ത്തു് ഹിന്ദു–ബൗദ്ധ–മതങ്ങളുടെ കേന്ദ്രമായിരുന്ന കാശ്മീർ. പിന്നീട് കാശ്മീരികൾ വൻതോതിൽ മതപരിവർത്തനത്തിനു വിധേയരായി. ജമ്മുവും കാശ്മീർ താഴ്വരയും ലഡാക്കും ഉൾപ്പെട്ട കാശ്മീർ സ്റ്റേററ് സ്ഥാപിച്ച മഹാരാജാ ഗുലാബ്സിംഗ് ഇസ്ലാം സ്വീകരിച്ച കാശ്മീരികളെ വീണ്ടും ഹിന്ദുമതത്തിൽ ചേർക്കാൻ ആഗ്രഹിച്ചു. കാശ്മീരികളിൽ ബഹുഭൂരിപക്ഷത്തിനും അതു സമ്മതവുമായിരുന്നു. പക്ഷേ, കാശിയിലെ സനാതന ഹിന്ദുമതാചാര്യന്മാരുടെ എതിർപ്പുമൂലം ആ പരിശ്രമത്തിൽ ഗുലാബ് സിംഗ് വിജയിക്കാതിരിക്കുകയാണുണ്ടായതു്. ഹിന്ദുമതത്തിലേക്കു് അന്യമതക്കാരെ ചേർക്കുന്നതിനു് ധർമശാസ്ത്രങ്ങൾ എതിരാണെന്നായിരുന്നു മതാചാര്യന്മാരുടെ നിർണയം. ബലം പ്രയോഗിച്ചു് അന്യമതത്തിൽ ചേർക്കപ്പെട്ട ഹിന്ദുക്കളെ തിരിച്ചുകൊണ്ടുവരുന്നതുപോലും അവർക്കു സമ്മതമായിരുന്നില്ല.

ഈ നിലയ്ക്കു്, തമിഴ്നാട്ടിൽ ഏതാനും ഹരിജനങ്ങൾ ഇസ്ലാംമതം സ്വീകരിച്ചുവെങ്കിൽ അതിൽ ഹിന്ദുക്കൾ പൊതുവേ ഇപ്പോൾ അസ്വസ്ഥരായതു് എന്തുകൊണ്ടാണ്? ഈ അസ്വസ്ഥതയുടെ കാരണം മതപരമെന്നതിലേറെ രാഷ്ട്രീയമാകുന്നു. മറേറതൊരു രാഷ്ട്രത്തേയും അപേക്ഷിച്ചു് അത്യന്തം ഉദാരമായ ഒരു നയമാണ് മതന്യൂനപക്ഷങ്ങളോടു് ഇന്ത്യ അനുവർത്തിച്ചുപോന്നിട്ടുള്ളതു്. വിദ്യാഭ്യാസം, ഉദ്യോഗം മുതലായ കാര്യങ്ങളിൽ ഉയർന്ന ജാതിയിൽപെട്ട ഹിന്ദുക്കൾക്കില്ലാത്ത പ്രത്യേക സൗജന്യങ്ങൾ മതന്യൂനപക്ഷങ്ങൾക്കു നൽകപ്പെട്ടിട്ടുണ്ടു്. നമ്മുടെ ജനാധിപത്യത്തിന്റെ സവിശേഷ പ്രവർത്തനമാകട്ടെ, ന്യൂനപക്ഷക്കാരുടെ വോട്ടുകൾക്കു നിർണായക പ്രാധാന്യം കൈവരുത്തുകയും ചെയ്തിരിക്കുന്നു. ന്യൂനപക്ഷങ്ങളെ പ്രീണിപ്പിക്കുന്നതിൽ എല്ലാ കക്ഷികളും പരസ്പരം മത്സരിക്കുന്നതു നാം കാണുന്നു. പ്രീണനം ഏറുന്ന തോതിനു് ന്യൂനപക്ഷങ്ങളുടെ അവകാശവാദങ്ങളും പെരുകിക്കൊണ്ടിരിക്കുകയാണ്. ഭൂരിപക്ഷക്കാരുടെ ഉള്ളിൽ അസ്വസ്ഥത മാത്രമല്ല, അസഹിഷ്ണുതതന്നെ നാൾക്കുനാൾ വളർന്നുവരുന്നതിനു കാരണമായിട്ടുണ്ടു് ഈ സ്ഥിതിവിശേഷം.

ഇന്ത്യയിൽ ജനസംഖ്യ ആപത്ക്കരമാംവിധം പെരുകിക്കൊണ്ടിരിക്കുകയാണ്. എല്ലാ ഇനക്കാർക്കിടയിലും ജനസംഖ്യാവർദ്ധനയുണ്ടെങ്കിലും, മതന്യൂനപക്ഷക്കാർക്കിടയിലാണ് അതേററവുമധികം. ക്രിസ്തുമതം സിദ്ധാന്തപരമായിത്തന്നെ സന്താനനിയന്ത്രണത്തെ എതിർക്കുന്നുണ്ടു്. ജനസംഖ്യ അതിവേഗത്തിൽ വർദ്ധിക്കുന്നതിനു കാരണമാണ് മുസ്ലിങ്ങൾക്കിടയിലെ ബഹുപത്നീത്വം. അങ്ങനെ, സ്വാഭാവികമായിത്തന്നെ, ഹിന്ദുക്കളെ അപേക്ഷിച്ചു് മതന്യൂനപക്ഷങ്ങളുടെ ജനസംഖ്യാവർദ്ധനത്തോതു് വളരെ കൂടുതലാണ്. വൻതോതിലുള്ള മതപരിവർത്തനങ്ങൾ കൂടിയായാൽ, ഇന്ത്യയിൽ പല പ്രദേശങ്ങളിലും തങ്ങൾ ന്യൂനപക്ഷമായേക്കുമെന്നു പല ഹിന്ദുക്കളും ഭയപ്പെടുന്നു.

ഇന്ത്യയുടെ വടക്കുകിഴക്കു ഭാഗത്തു് ഇതു സംഭവിച്ചുകൊണ്ടിരിക്കുകയുമാണ്. ബംഗ്ലാദേശിൽനിന്നുള്ള അനധികൃതമായ കുടിയേററത്തെ രാഷ്ട്രീയ കക്ഷികൾ എത്രയോ വർഷങ്ങളായി പ്രോത്സാഹിപ്പിച്ചുവന്നതിന്റെ ഫലമായി ആസ്സാമിൽ തദ്ദേശവാസികൾ ന്യൂനപക്ഷവും വിദേശീയർ ഭൂരിപക്ഷവുമാകാനുള്ള എല്ലാ സാദ്ധ്യതയുമുണ്ടായിട്ടുണ്ടു്. ഈ വിദേശീയരിലധികവും മുസ്ലിങ്ങളുമാണ്. നാഗാലാൻഡിലാകട്ടെ, മതപരിവർത്തനം മൂലം ക്രിസ്ത്യാനികൾ ഭൂരിപക്ഷമായിത്തീർന്നിരിക്കുന്നു. കേരളത്തിലെ മുസ്ലിങ്ങളോ ക്രിസ്ത്യാനികളോ, തങ്ങൾ ഇന്ത്യക്കാരല്ലെന്നു കരുതുന്നില്ല. എന്നാൽ, നാഗാലാൻഡിലെ ക്രിസ്ത്യാനികളിൽ കുറേപ്പേരെങ്കിലും തങ്ങൾ ഒരു വ്യത്യസ്ത രാഷ്ട്രമാണെന്നും, വിദേശീയരായ ഇന്ത്യക്കാർ തങ്ങളെ അന്യായമായി കീഴടക്കിവെച്ചിരിക്കുകയാണെന്നും വാദിക്കുകയും, ഇന്ത്യ

യിൽനിന്ന സ്വാതന്ത്ര്യം നേടുന്നതിനായി അക്രമത്തിന്റെ മാർഗം അംഗീകരിക്കുകയും ചെയ്തിട്ടുള്ളവരാണ്. ഇതേ സ്ഥിതിവിശേഷം ആസ്സാമിലും വന്നുകൂടായ്കയില്ല. തങ്ങൾ ഇന്ത്യക്കാരല്ലെന്ന ഉത്തരേന്ത്യൻ മുസ്ലിങ്ങളുടെ വാദമാണല്ലോ ഇന്ത്യാവിഭജനത്തിന്ന കാരണമായിത്തീർന്നതു്.

തമിഴ്നാട്ടിലെ മതപരിവർത്തനം ഹിന്ദുക്കളിലുണ്ടാക്കിയിട്ടുള്ള പ്രതികരണത്തെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ.

ഇതിന്ന പുറമേ, ഹരിജനങ്ങൾക്കെതിരെ ഇന്ത്യയിൽ പല പ്രദേശങ്ങളിലും നടന്നുവരുന്ന അതിക്രമങ്ങൾ ഹിന്ദുമനസ്സാക്ഷിയെ നടുക്കംകൊള്ളിച്ചിട്ടുമുണ്ട്. ഹിന്ദുസമുദായത്തിനുള്ളിൽ ഹരിജനങ്ങളെ പൂർണമായും ഉദ്ഗ്രഥിക്കണമെന്ന ആഗ്രഹവും, ആധുനിക പരിതഃസ്ഥിതിയുമായി ഒരു വിധത്തിലും ഇണങ്ങാത്ത അയിത്തവും മററ് അനാചാരങ്ങളും ഇത്രയും വർഷങ്ങൾക്കു ശേഷവും ഹിന്ദുസമുദായത്തിൽ നിലനില്ക്കുന്നതിലുള്ള നാണക്കേടും ഹിന്ദുക്കളിൽ വ്യാപകമായിത്തീർന്നിട്ടുണ്ട്. പ്രാർത്ഥനാലയങ്ങൾ, കിണറുകൾ, പൊതുജനങ്ങൾക്ക് ഉപയോഗിക്കുവാനുള്ള മററു സൗകര്യങ്ങൾ എന്നിവയിൽ പ്രവേശിക്കുന്നതിന്ന് ആർക്കും തടസ്സമുണ്ടാകരുതെന്നും, തടസ്സമുണ്ടാക്കുന്നവരെ ശിക്ഷിക്കണമെന്നും ശൃംഗേരി ശങ്കരാചാര്യർ ഈയിടെ അസന്ദിഗ്ദ്ധമായി ആവശ്യപ്പെട്ടിട്ടുള്ളതു് ഇക്കാരണത്താലാണ്. ഹിന്ദുധർമശാസ്ത്രങ്ങൾ മതപരിവർത്തനം അനുകൂലിക്കുന്നില്ലെന്നും, അതിനാൽ, പരിവർത്തനം ചെയ്തവർ പശ്ചാത്തപിക്കുന്നപക്ഷം അവർക്കു് ശുദ്ധികർമമൊന്നും കൂടാതെതന്നെ ഹിന്ദുക്കളായി തുടരാമെന്നുംകൂടി അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. പഴയ കാശി മതാചാര്യന്മാരുടെ വാദം അകംപുറം മറിച്ചിട്ടിരിക്കുന്നതു് ഇവിടെ നാം കാണുന്നു.

വിപ്ലവകരമായ ഒരു മാററം സമൂഹത്തിലാകെ വന്നാലല്ലാതെ ജാതിവ്യവസ്ഥയെ തികച്ചും തകർക്കാനോ ഹരിജനങ്ങളെ പൂർണമായും ഹിന്ദുസമുദായത്തിൽ ഉദ്ഗ്രഥിക്കാനോ കഴിയുമെന്നു തോന്നുന്നില്ല. മാററം ഉയർന്ന ജാതിക്കാരിൽ മാത്രമല്ല, പിന്നോക്കം നില്ക്കുന്ന ജാതിക്കാരിലും വരണം. ഇവരിൽ ഭൂരിപക്ഷവും നിരക്ഷരരാണുതാനും. ഹരിജനങ്ങളുടെ മേൽ അവശതകൾ നിർബന്ധിച്ചു ചുമത്തുന്നതു പലപ്പോഴും ഉയർന്ന ജാതിക്കാരായ ബ്രാഹ്മണരല്ല. ഒരു ഹരിജനയുവാവും തേവർ ജാതിയിൽപെട്ട ഒരു പെൺകുട്ടിയും തമ്മിലുണ്ടായ ബന്ധമാണ് മീനാക്ഷിപുരത്തെ മതപരിവർത്തനങ്ങൾക്കു പെട്ടെന്നുണ്ടായ കാരണം. തേവന്മാർ ഒരു പിന്നോക്ക സമുദായമാണ്. അവരാണ് മീനാക്ഷിപുരത്തിലെ ഹരിജനങ്ങളുടെ ജീവിതം അസഹ്യമാക്കിയതു്. വിവാഹബന്ധത്തിൽ ജാതിക്കു് ഒരു പരിഗണനയുമില്ലെന്നു വരുംവരെ ഉദ്ഗ്രഥനം നടപ്പിലായെന്നു കരുതിക്കൂടാ. ഈ നിലവരാനാകട്ടെ, ക്ഷമാപൂർവവും ദീർഘവുമായ ബഹുജനസാമൂഹ്യപ്രവർത്തനം ആവശ്യമാണുതാനും. ഇത്തരം പ്രവർത്തനത്തിൽ താല്പര്യമുള്ളവർ ഇന്നു കുറവാണ്. രാഷ്ട്രീയപ്രവർത്തനം ഗാന്ധിയുടെ കാലഘട്ടത്തിൽ സാമൂഹ്യപ്രവർത്തനംകൂടിയായിരുന്നു. ഇന്ന് രാഷ്ട്രീയപ്രവർത്തനം വോട്ടുപിടുത്തം മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. ഇക്കാര്യത്തിൽ പാർട്ടികൾ തമ്മിൽ ഒരു വ്യത്യാസവും ഇല്ല.

അതിനാൽ 'മീനാക്ഷിപുര'ങ്ങൾ ഇടയ്ക്കിടെ ആവർത്തിച്ചുകൊണ്ടിരിക്കുമെന്നും, ഇന്ത്യയുടെ സമാധാന ജീവിതത്തെ അലോസരപ്പെടുത്തുന്ന പല ഘടകങ്ങളിലൊന്നായി മതപരിവർത്തനം ഇനിയും വളരെക്കാലത്തേക്കു തുടരുമെന്നും വേണം കരുതാൻ. വികാരങ്ങൾ ആളിക്കത്തിക്കാനല്ലാതെ, ഈ അസ്വാസ്ഥ്യതകൾ ചിന്തയെ ഉദ്ദീപിപ്പിക്കാനും വിവേകത്തെ വളർത്താനും ഉപകരിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കാമെന്നു മാത്രം. ക്ഷോഭിക്കാൻ എത്രയെത്ര കാരണങ്ങൾ വേറെയിരിക്കുന്നു! മതത്തിലേക്കു് ആളെ കൂട്ടുന്നതിന്ന പകരം സ്വന്തം മതക്കാരുടെയെങ്കിലും എണ്ണമററ കഷ്ടതകൾ പരിഹ

രിക്കുന്നതിനു് മതസംഘടനകൾ പ്രാധാന്യം നൽകട്ടെ. അതേസമയം, വ്യക്തിയും ഈശ്വരനും തമ്മിലുള്ള ആന്തരബന്ധമായ മതത്തെ കൊള്ളയും കൊലയും തീവെപ്പിനുമുള്ള ഒഴികഴിവായി കാണാതിരിക്കാനുള്ള സദ്ബുദ്ധി സാധാരണക്കാർക്കും ഉണ്ടാകട്ടെ. വാദിക്കുന്നതിലും കീഴടക്കുന്നതിലുമല്ലാതെ അറിയുന്നതിലും അറിയിക്കുന്നതിലുമാണു് മതപ്രവർത്തകർക്കു താല്പര്യമെങ്കിൽ, ഈശ്വരന്റെ പേരിൽ മനുഷ്യരക്തം ചൊരിയപ്പെടുന്ന ഗതികേടു് എന്നെങ്കിലും ഉണ്ടാവുമായിരുന്നുവോ?

22 സെപ്റ്റംബർ, 1981

# 41. മതംമാററങ്ങൾക്കു പിന്നിൽ

തമിഴ്നാട്ടിൽ മീനാക്ഷിപുരത്തും മററും ഹരിജനങ്ങൾ കൂട്ടത്തോടെ ഇസ്ലാമിൽ ചേർന്നതിനെത്തുടർന്നു്, ഹിന്ദുമതത്തിൽനിന്നും, ഹിന്ദുമതത്തിലേക്കു തിരിച്ചുമുള്ള മതപരിവർത്തനങ്ങൾ സംബന്ധിച്ച വാർത്തകൾ ഇടയ്ക്കിടെ പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. സമുദായങ്ങൾക്കിടയിൽ സ്പർധ വളർത്താനല്ലാതെ, ഏതെങ്കിലും സമുദായത്തിന്റെ നില മെച്ചപ്പെടുത്താൻ ഈ പരിവർത്തനങ്ങൾ ഉതകുന്നില്ല. പലപ്പോഴും ഈ പരിവർത്തനങ്ങൾക്കു് അടിയിലുള്ളതു് അസ്ഥിരചിത്തരായ വ്യക്തികളാണു്. ഉദാഹരണം വേണമോ? മഹാത്മാഗാന്ധിയുടെ മൂത്ത മകനായ ഹീരാലാൽ ഗാന്ധിയെ ഇസ്ലാമിൽ ചേർക്കുകവഴി ഇന്ത്യയിലാകെ ഒരു കാലത്തു പ്രസിദ്ധനായിത്തീർന്ന ഒരു വ്യക്തിയുമായി പരിചയപ്പെടുക!

നാഗ്പൂർ ജില്ലയിൽ ഖുംഗാവ് എന്ന ഗ്രാമത്തിൽ 1905-ൽ ജനിച്ച രാംദാസ് ഗോവിന്ദ രാംടേകേ ആണു് ഈ വ്യക്തി. അംബേഡ്കറുടെ ജന്മംകൊണ്ടു് അനുഗ്രഹിക്കപ്പെട്ട 'മഹാർ' എന്ന ഹരിജനജാതിയിലാണു് രാംദാസും പിറന്നതു്. വർധയിൽ ബേസിക് നോർമൽ ട്രെയ്നിങ് സ്കൂളിൽ അദ്ധ്യാപകപരിശീലനം നേടിക്കൊണ്ടിരിക്കെ, രാംദാസ് മഹാത്മാഗാന്ധിയുമായി അടുത്തു പരിചയപ്പെട്ടു. തന്റെ അമ്മാമനുമായുള്ള ആകൃതിസാമ്യം മുൻനിർത്തി 'മാമു' എന്നാണു് ഗാന്ധിജിയെ രാംദാസ് വിളിക്കാറു്. പാലിനുവേണ്ടി ഗാന്ധിജി പോററിയിരുന്ന ആടുകളെ സംരക്ഷിക്കുന്ന ഭാരം രാംദാസ് ഏറെറടുത്തു. അങ്ങനെ ഗാന്ധിജിയുടെ മകൻ ഹീരാലാൽ രാംദാസിന്റെ സുഹൃത്തായി. അക്കാലത്തു് ഹീരാലാൽ ഒരു മുഴുക്കുടിയനായിരുന്നു.

1928–ൽ രാംദാസ് നാഗ്പൂരിൽ ഒരു സ്കൂൾമാസ്റ്റർ ആയിത്തീർന്നു. ആയിടയ്ക്കു് അക്ബർ അലി രോഷൻ അലി എന്ന ഒരു മുസ്ലിം സുഹൃത്തുമൊന്നിച്ചു് രാംദാസ് ഉയർന്ന ജാതിയിൽപ്പെട്ട ഒരു ഹിന്ദുവിന്റെ ചായക്കടയിൽ കയറി. രാംദാസിന്റെ ജാതി ആരോ പറഞ്ഞു് അറിഞ്ഞ കടയുടമ ഈ 'മഹാർ മാസ്റ്ററെ' അധിക്ഷേപിച്ചു് ഇറക്കിവിട്ടു; കട അശുദ്ധമാക്കിയതിനു് നഷ്ടപരിഹാരം ആവശ്യപ്പെടുകയും ചെയ്തു. ഹിന്ദുമഹാസഭാനേതാവായിരുന്ന ഡോ. മുഞ്ജേയും മററും ഇടപെട്ടാണു് ആ കുഴപ്പം പരിഹരിക്കപ്പെട്ടതു്.

ഇതിനെത്തുടർന്നു് രാംദാസ് ഇസ്ലാം സ്വീകരിച്ചു. അബ്ദുള്ള രാംദാസ് എന്ന പേരിൽ അറിയപ്പെടാനും തുടങ്ങി. അബ്ദുള്ള എന്ന വാക്കിനും 'ഈശ്വരദാസൻ' എന്നാണല്ലോ അർത്ഥം. അഗ്രചർമം ഛേദിക്കാൻ ആരും അബ്ദുള്ളയെ നിർബന്ധിച്ചില്ല.